**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **09-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങൾക്ക് ഇന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വാഹനങ്ങൾക്ക് ഇന്ധനം നൽകിയ വകയിൽ സംസ്ഥാനത്തെ പമ്പുകൾക്ക് നാളിതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ വാഹനങ്ങളുടെ കാര്യത്തിൽ ഓരോ വാഹനത്തിന്റെയും നിയന്ത്രണ അധികാരിയാണ് ഇന്ധനം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. വാഹനങ്ങളുടെ നിയന്ത്രണ അധികാരിയും പമ്പ് ഉടമയും തമ്മിലുള്ള ഉടമ്പടി പ്രകാരമാണ് ഇന്ധനം കടമായി വാങ്ങുന്നത്. സർക്കാരും പമ്പുടമകളും തമ്മിൽ നേരിട്ട് ഇക്കാര്യത്തിൽ ധാരണയോ പണമിടപാടുകളോ ഇല്ല. അതുകൊണ്ട് പമ്പ് ഉടമകൾക്ക് എത്ര രൂപ കുടിശ്ശിക നല്കാനുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഈ ഇനത്തിൽ ചെലവഴിക്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക ഇപ്രകാരം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവിനായി നടപ്പ് വർഷം ബജറ്റിൽ 110.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറി സോഫ്റ്റ് വെയർ പ്രകാരം 04.08.2023 വരെ 48.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ